**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4546** **01-07-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ ജോയിന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസുകളിലെ അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതിയ ശാഖ, ക്ലാസിഫിക്കേഷൻ പുതുക്കൽ, സ്റ്റാഫ് പാറ്റേൺ അനുമതി, പുതിയ പദ്ധതികൾ തുടങ്ങൽ, പൊതു ഫണ്ട് വിനയോഗ അനുമതി തുടങ്ങിയവക്കായി മലപ്പുറം ജില്ലയിലെ ജോയിന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസുകളിൽ ലഭിച്ച അപേക്ഷകളുടെ വിശദാംശം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ശാഖ ആരംഭിക്കുന്നത് സംബന്ധിച്ച് 38 അപേക്ഷകളും, ക്ലാസ്സിഫിക്കേഷൻ പുതുക്കൽ സംബന്ധിച്ച് 144 അപേക്ഷകളും സ്റ്റാഫ് പാറ്റേൺ അനുമതി സംബന്ധിച്ച് 111 അപേക്ഷകളും, പുതിയ പദ്ധതികൾ തുടങ്ങൽ സംബന്ധിച്ച് 134 അപേക്ഷകളും പൊതുഫണ്ട് വിനിയോഗ അനുമതി സംബന്ധിച്ച് 788 അപേക്ഷകളും ഉൾപ്പടെ ആകെ 1215 അപേക്ഷകൾ മലപ്പുറം ജോയിന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസുകളിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | മലപ്പുറം ജില്ലയിലെ സഹകരണ സംഘങ്ങളിൽ നിന്നും ലഭിച്ച പ്രസ്തുത അപേക്ഷകളിൽ ഇതുവരെ എത്രയെണ്ണം തീർപ്പ് കൽപ്പിച്ചുവെന്നും എത്രയെണ്ണം നിരസിച്ചുവെന്നും എത്രയെണ്ണം പരിഗണനയിലുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | മലപ്പുറം ജില്ലയിലെ സഹകരണ സംഘങ്ങളിൽ നിന്നും ലഭിച്ച പ്രസ്തുത അപേക്ഷകളിൽ 688 എണ്ണം തീർപ്പ കല്പിക്കുകയും 116 എണ്ണം നിരസിക്കുകയും 411 എണ്ണം നിലവിൽ പരിശോധിച്ച് വരികയാണ്. |
| (സി) | തീർപ്പാകാത്ത ഫയലുകളുടെ വിശദവിവരം സംഘത്തിന്റെ പേര് സഹിതം നൽകാമോ; കാലതാമസം ഒഴിവാക്കി പരിഗണനയിലുള്ള എല്ലാ അപേക്ഷകളും അടിയന്തരമായി തീർപ്പാക്കുമോ; വ്യക്തമാക്കാമോ? | (സി) | എല്ലാ അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ